"ഭരണഭാഷ മാതൃഭാഷ"

# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

**കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവൺമെന്റ് കോളേജ് അദ്ധ്യാപകർ -ഇസ്ലാമിക് ഹിസ്റ്ററി വിഭാഗം പൊതു സ്ഥലം മാറ്റം 2023-2024 ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ഉത്തരവ് നമ്പർ എ4/24588/2023/കോ.വി.വ തീയതി:11/07/2023

പരാമർശം:1.ഈ ഓഫീസിലെ 02.03.2023 തിയതിയിലെ എ1/7936/2023/കോവിവ നമ്പർ സർക്കുലർ

2.20.06.2023 തീയതിയിലെ എ4/24588/2023/കോ.വി.വ നമ്പർ നടപടിക്രമം

3.മലപ്പുറം ഗവ.ആർട്സ്&സയൻസ് വനിത കോളേജ് പ്രിൻസിപ്പലിന്റെ 21.06.2023 ലെ B1/2/2023/GASCWMPM നമ്പർ കത്ത്.

4.എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ 26.06.2023 ലെ B1/1186/2023/MCERN നമ്പർ കത്ത്.

5.തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പലിന്റെ 24.06.2023 ലെ B2/GENERAL TRANSFER-2023/UC നമ്പർ കത്ത്.

## ഉത്തരവ്

സർക്കാർ കോളേജുകളിലെ ഇസ്ലാമിക് ഹിസ്റ്ററി വിഭാഗം അദ്ധ്യാപകരുടെ 2023-2024 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് ഉത്തരവ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം ഇസ്ലാമിക് ഹിസ്റ്ററി വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി.സിമ ഓജസ്<br>ഗവ.വനിത ആർട്സ് & സയൻസ് കോളേജ്, മലപ്പുറം<br>(ഓപ്ഷൻ)<br>PEN:461645 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം<br>(ശ്രീമതി.റംലാബീഗം.എൽ-ന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |
| 2 | ശ്രീമതി.ഷീജ.ഒ<br>മഹാരാജാസ് കോളേജ് എറണാകുളം<br>(ഓപ്ഷൻ)<br>PEN:572718 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം<br>(ഡോ.മനോജ് ആർ.-ന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |

| | | |
|---|---|---|
| 3 | ശ്രീമതി.റംലാബീഗം.എസ്<br>യൂണിവേഴ്സിറ്റി കോളേജ്,<br>തിരുവനന്തപുരം<br>(ഓപ്ഷൻ)<br>PEN:728345 | ഗവ.വനിത ആർട്സ് & സയൻസ് കോളേജ്, മലപ്പുറം<br>(ശ്രീമതി.സിമ ഓജസ്-ന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |
| 4 | ഡോ.മനോജ് ആർ.<br>യൂണിവേഴ്സിറ്റി കോളേജ്,<br>തിരുവനന്തപുരം<br>(നിർബന്ധിതം) | മഹാരാജാസ് കോളേജ്,<br>എറണാകുളം<br>(ശ്രീമതി.സല്യൂജ.എം.എസ് വിരമിച്ച/ വിരമിക്കുന്ന ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
സുധീർ കെ I A S
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5.എ / ബി സെക്ഷൻ സൂപ്രണ്ട്
6.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ് ,നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം
7.കരുതൽ ഫയൽ /ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്